## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1876  19.06.2012 ൽ മറുപടിയ്ക്ക്

### ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയും ഉല്പാദനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചെറുതും വലുതുമായ എത്ര ജലവൈദ്യുത പദ്ധതികളാണ് പ്രവർത്തന സജ്ജമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ചെറുതും വലുതുമായ 29 ജലവൈദ്യുത പദ്ധതികളാണ് പ്രവർത്തനസജ്ജമായിട്ടുള്ളത്. |
| (ബി) പ്രസ്തുത ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി എത്ര മെഗാവാട്ട് ആകുന്നെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത ജലവൈദ്യുതപദ്ധതികളുടെ ആകെ സ്ഥാപിതശേഷി 2008.80 മെഗാവാട്ട് ആണ്. |
| (സി) പ്രസ്തുത ജലവൈദ്യുത പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) പ്രസ്തുത ജലവൈദ്യുത പദ്ധതികളിൽ നിന്നും ഒരു സമയം പരമാവധി 1899 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. |
| (ഡി) സ്ഥാപിതശേഷിയിൽ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയാത്ത പദ്ധതികളിൽ നിന്നും സ്ഥാപിതശേഷികളുള്ളമായി ഉല്പാദനം നടത്തുവാൻ ലക്ഷ്യമിട്ടുകൊണ്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) ശബരിഗിരി പവ്വർഹൗസിൽ 2008 ൽ ഉണ്ടായ അപകടത്തിൽ പൊട്ടിത്തെറിച്ച നാലാം നമ്പർ ജനറേറ്ററിന്റെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ പണി പൂർത്തിയാകുന്നതോടെ അവിടെ പൂർണ്ണതോതിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.<br><br>കുറ്റ്യാടി പവ്വർഹൗസിൽ നിന്നുള്ള 110 കെ.വി. ട്രാൻസ്മിഷൻ ലൈൻ ഓവർലോഡ് ആകുന്നതു മൂലമാണ് പൂർണ്ണതോതിൽ അവിടെ ഉൽപ്പാദനം [illegible] വരുന്നത്. കോടതി [കേസു മൂലം] നിർത്തിവച്ചിരിക്കുന്ന |

(...2)

കക്കയം-വടകര ഡബിൾ സർക്യൂട്ട് ലൈനിന്റെ പണി തീരുന്ന മുറയ്ക്ക് ഇവിടെ ഉൽപ്പാദനം പൂർണ്ണതോതിൽ ആക്കുവാൻ സാധിക്കും.

ലോവർ പെരിയാർ ഡാമിന്റെ ഇൻടേക്കിൽ ചെളിയടിയുന്നതു മൂലമാണ് ഉൽപ്പാദനം കുറയുന്നത്. വർഷകാലത്ത് പാംബ്ല ഡാം കവിഞ്ഞൊഴുകുമ്പോൾ ലോവർ വെന്റ് തുറന്ന് ചെളി നീക്കം ചെയ്യാറുമുണ്ട്. ഇതിനു ശേഷം പൂർണ്ണതോതിൽ ഉൽപ്പാദനം സാധ്യമാകും.

കക്കാട് ടണലിന്റെ പ്രത്യേകത മൂലമാണ് ഉൽപ്പാദനം കുറയുന്നത്.

പള്ളിവാസൽ പെൻസ്റ്റോക്കിന്റെ ശേഷിക്കുറവു മൂലമാണ് ഉൽപ്പാദനം കുറയുന്നത്. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം പൂർത്തിയാകുന്ന മുറയ്ക്ക് പെൻസ്റ്റോക്കിന്റെ ശേഷി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ട്.

മലങ്കരയിൽ, പെൻസ്റ്റോക്കിന്റെ ടണൽ തുടങ്ങുന്ന ഭാഗം ഇടുങ്ങിയത് കൊണ്ട് ഒരു മെഷീൻ എപ്പോഴും സ്റ്റാൻഡ്ബൈ കണ്ടീഷനിലാണ്. അത് മൂലമാണ് മലങ്കരയിൽ ഉൽപ്പാദനം കുറയുന്നത്.

സെക്ഷൻ ഓഫീസർ